**പതിനാലാം കേരളനിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം *406** 25/06/2019 -ൽ മറുപടിയ്ക്ക്

**സ്കൂൾ കുട്ടികളുടെ എണ്ണത്തിൽ കൃത്രിമം കാട്ടുന്നത് തടയാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ.എം.ഉമ്മർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, അബ്ദുൽ ഹമീദ് പി. | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ കുട്ടികളുടെ എണ്ണത്തിൽ കൃത്രിമം കാട്ടുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ സ്കൂളുകളിൽ അദ്ധ്യയനവർഷം ആരംഭിച്ച് 6-ാമത്തെ പ്രവൃത്തിദിവസത്തെ കുട്ടികളുടെ എണ്ണമാണ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കുന്നത്. യു.ഐ.ഡി നമ്പരോ അവയില്ലെങ്കിൽ പ്രഥമാദ്ധ്യാപകന്റെ മേലൊപ്പോടുകൂടി ക്ലാസ് ടീച്ചർ നൽകുന്ന ഡിക്ലറേഷനോ ഉള്ള കുട്ടികളെയാണ് അതിലേക്ക് പരിഗണിക്കുന്നത്. കുട്ടികളുടെ എണ്ണത്തിലെ കൃത്യതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർ/സൂപ്പർ ചെക്ക് സെൽ ഉദ്യോഗസ്ഥന്മാർ എന്നിവർ സ്കൂളിൽ ആകസ്മിക പരിശോധന നടത്താറുണ്ട്. കൃത്രിമ അഡ്മിഷൻ നടന്നതായി ബോധ്യപ്പെട്ടാൽ അവരെ റോൾ സ്ട്രെങ്ങ്തിൽ നിന്ന് ഒഴിവാക്കി തസ്തിക പുനർനിർണ്ണയം നടത്തുകയും, അധികമായി തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെട്ടാൽ ആയത് റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ള കേസുകളിൽ കാരണക്കാരായ അദ്ധ്യാപകർ, പ്രഥമാ |

ദ്ധ്യാപകർ, മാനേജർ തുടങ്ങിയവർ ക്കെതിരെ നടപടിയെടുക്കുവാൻ നിർദ്ദേശി ക്കുകയും കൃത്രിമ അഡ്മിഷൻ സൃഷ്ടിച്ച വകയിൽ സർക്കാരിനുണ്ടായ നഷ്ടം പ്രധാനാദ്ധ്യാപകൻ, ക്ലാസ് അദ്ധ്യാപകർ എന്നിവരിൽ നിന്നും അച്ചടക്ക നടപടിയുടെ ഭാഗമായി ഈടാക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർ ദ്ദേശം നൽകിയിട്ടുമുണ്ട്.

ഈ അക്കാദമിക വർഷത്തിന്റെ ആരംഭത്തിലും പ്രധാനാദ്ധ്യാപകർക്ക് ഇത് സംബന്ധിച്ച് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

(ബി) ഈ അദ്ധ്യയനവർഷം സൂപ്പർ ചെക്ക് സെൽ ഇത് സംബന്ധിച്ച് പരിശോധ നകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്കൂളുകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ 2019-20 വർഷത്തിൽ സൂപ്പർ ചെക്ക് സെൽ പരിശോധനയൊന്നും നടത്തിയിട്ടില്ല.

(സി) കഴിഞ്ഞ അദ്ധ്യയനവർഷം കുട്ടികളെ സമ്പൂർണ്ണ സോഫ്റ്റ്‌വെയർ മുഖേന മറ്റൊരു സ്കൂളിലേക്ക് ട്രാൻസ്ഫർ ചെയ്ത കുറ്റക്കാരായ അദ്ധ്യാപകരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ; എങ്കിൽ തിരികെ പ്രവേശിപ്പിക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ;

(സി) ആലപ്പുഴ ലിയോ തേർട്ടീൻത് ഹൈസ്കൂളിലെ പ്രഥമാദ്ധ്യാപകനായിരുന്ന ശ്രീ.എ.ജി.സേവ്യർകുട്ടിയെ, സമ്പൂർണ്ണ സോഫ്റ്റ് വെയർ വഴി അനധികൃതമായി ടി.സി. കൾ ട്രാൻസ്ഫർ ചെയ്ത വിഷയത്തിൽ സൂപ്പർ ചെക്ക് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി എടുക്കുവാൻ വി.ബി.5/41772/2018/ ഡി.പി.ഐ തീയതി 09.07.2018 പ്രകാരം മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം മാനേജർ 19.07.2018 ൽ ശ്രീ.സേവ്യർകുട്ടിയെ വേലവിലക്കി ഉത്തര

വായി.

നടപടി ക്രമങ്ങളുടെ ഭാഗമായി പ്രഥമാദ്ധ്യാപകന് കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നൽകുകയും ടിയാൻ മറുപടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽ മറുപടിയിലെ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ ടിയാൻ തന്റെ പ്രവൃത്തി വഴി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല, സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ല, മാപ്പ് അപേക്ഷിച്ചിട്ടുണ്ട് എന്നീ കാരണങ്ങളാൽ ഒരു ഇൻക്രിമെന്റ് താല്ക്കാലികമായി തടയുകയും വേലവിലക്കുകാലം13.08.2018 വരെ പരിമിതപ്പെടുത്തി ആയത് അർഹതയുള്ള അവധിയായി പരിഗണിച്ച് ഉത്തരവാകുകയും ഉണ്ടായി.

കോർപ്പറേറ്റ് മാനേജരുടെ മേൽ പരാമർശിച്ച നടപടികൾ ലാഘവ ബുദ്ധിയോട് കൂടിയതാണെന്ന് കണ്ടെത്തി മാനേജരോട് പൊതുവിദ്യാഭ്യാസ ഡയറക്ടർ വിശദീകരണം ആരായുകയും ആയതിന് മാനേജർ മറുപടി സമർപ്പിക്കുകയും ചെയ്തു. ആയതിലെ വിശദീകരണം പരിഗണിച്ചുകൊണ്ട് ശ്രീ സേവ്യർകുട്ടിയുടെ അച്ചടക്ക നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അവസാനിപ്പിച്ചിരുന്നു. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം എയ്ഡഡ് വിദ്യാലയങ്ങളിലെ ജീവനക്കാർക്കെതിരായി അച്ചടക്ക നടപടികൾ

| | | |
|---|---|---|
| | | സ്വീകരിക്കേണ്ടത് നിയമനാധികാരിയായ മാനേജരാണ്. അച്ചടക്ക നടപടികൾ തീർപ്പാക്കേണ്ടതും മാനേജർ തന്നെയാണ്. അച്ചടക്ക നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം മാനേജർ അനുസരിക്കാത്ത പക്ഷം മാത്രമേ വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർക്ക് ഇടപെടുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | ഈ അദ്ധ്യയനവർഷം ഇത്തരം ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) ഈ അദ്ധ്യയനവർഷം സൂപ്പർ ചെക്ക് പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ ക്രമക്കേടുകൾ ഒന്നും തന്നെ കണ്ടെത്തിയിട്ടില്ല. |

[signature]

സെക്ഷൻ ഓഫീസർ